"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഈസ് ഓഫ് ലിവിങ് (Ease of Living) സർവ്വേ - സർവ്വേ നടത്തിപ്പിന്റെ മുഖ്യ ചുമതല ഗ്രാമവികസന കമ്മീഷണറെ ഏൽപ്പിച്ചുകൊണ്ടും സർവ്വേ നടത്തിപ്പിൽ കുടുംബശ്രീ CDS-ന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(കൈ) നം.112/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 24/06/2021

---

പരാമർശം:- 1. സ.ഉ.(കൈ) നം.188/2020/ത.സ്വ.ഭ.വ തീയതി 18.12.2020

2. 16.03.2021, 16.04.2021 തീയതികളിൽ യഥാക്രമം തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി എന്നിവരുടെ അധ്യക്ഷതയിൽ കൂടിയ EoL Survey അവലോകന യോഗങ്ങൾ.

3. സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 26.03.2021, 30.04.2021 -തീയതികളിലെ പിഎൽ(2)3813/2021/ഡി.ഇ.എസ് നമ്പർ കത്തുകൾ

4. ഗ്രാമവികസന കമ്മീഷണറുടെ 02.06.2021-ലെ 729/പി.എം.6/2020/സി.ആർ.ഡി നമ്പർ കത്ത്.

## ഉത്തരവ്

ഈസ് ഓഫ് ലിവിങ് സർവ്വേ കേരളത്തിൽ നടത്തുന്നതിനായി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനെ ചുമതലപ്പെടുത്തിയും, മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ടും സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവ്വേ നടപടികൾ സംബന്ധിച്ച പുരോഗതി വിലയിരുത്തുന്നതിനായി സൂചന (2) പ്രകാരം കൂടിയ യോഗങ്ങളിൽ, സർവ്വേ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വേയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച പുതുക്കിയ പ്രൊപ്പോസൽ സൂചന (3) പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും, പ്രസ്തുത പ്രൊപ്പോസലിന്മേലുള്ള ഗ്രാമവികസന വകുപ്പ് അഡിഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവരുടെ അഭിപ്രായങ്ങൾ സൂചന (4) പ്രകാരം ലഭ്യമാകുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ ഈസ് ഓഫ് ലിവിങ് സർവ്വേയ്ക്കായി അവശേഷിക്കുന്ന സമയപരിധിക്കുള്ളിൽ സർവ്വേ നടപടി പൂർത്തീകരിക്കുന്നതിനായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ, അഡിഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവർ സമർപ്പിച്ച പ്രൊപ്പോസലുകളിലെ സാരാംശം ഉൾപ്പെടുത്തി പ്രായോഗിക സമീപനം സ്വീകരിച്ചാൽ മാത്രമേ സർവ്വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ച് നിശ്ചിത

സമയപരിധിക്കുള്ളിൽ നടപടി പൂർത്തീയാക്കാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ഭേദഗതി വരുത്തിക്കൊണ്ടും സൂചന (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും എത്രയും പെട്ടെന്ന് തന്നെ ഫീൽഡ് തലത്തിൽ സർവേ നടപടികൾ ആരംഭിക്കുന്ന തരത്തിൽ ചുവടെപറയും പ്രകാരമുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. കേരളത്തിലെ ഈസ് ഓഫ് ലിവിങ് സർവ്വേ നടത്തിപ്പിന്റെ മുഖ്യ ചുമതല ഗ്രാമവികസന കമ്മീഷണർക്കായിരിക്കും.
2. കുടുംബശ്രീ സംവിധാനത്തെയും, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിനെയും പങ്കെടുപ്പിച്ചുകൊണ്ട് സമയബന്ധിതമായി സർവ്വേ പൂർത്തീകരിക്കേണ്ടതാണ്.
3. സർവ്വേ പ്രവർത്തനത്തിന്റെ സംസ്ഥാനതല മേൽനോട്ടം വഹിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡിലെ വികേന്ദ്രീകൃത ആസൂത്രണ വിഭാഗം ചീഫ് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഏകോപന സമിതി രൂപീകരിക്കുന്നു. ടി സമിതിയുടെ മെമ്പർ കൺവീനർ ഗ്രാമവികസന കമ്മീഷണർ ആയിരിക്കും.
4. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വീടുകൾ തോറും സന്ദർശനം നടത്തിയുള്ള വിവരശേഖരണം ഒഴിവാക്കി കുടുംബശ്രീ അയൽക്കൂട്ടതല യോഗത്തിൽ വച്ച് പരമാവധി വിവരങ്ങൾ ശേഖരിക്കേണ്ടതും, ഇതിനായി കുടുംബശ്രീ CDS-ന്റെ സേവനം പ്രയോജനപ്പെടുത്തേണ്ടതുമാണ്. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങളിൽ ഗ്യാപ്പ് ഉണ്ടെങ്കിൽ ആയത് മാത്രം വീടുകളിൽപ്പോയി സർവ്വേ നടത്തിയാൽ മതിയാകും.
5. ഈസ് ഓഫ് ലിവിങ് സർവ്വേയുടെ മാർഗ്ഗനിർദേശങ്ങൾ പാലിച്ചു കൊണ്ടും ടി സർവ്വേയ്ക്കായി അനുവദിച്ച തുകയ്ക്കുള്ളിൽ നിന്ന് കൊണ്ടും കാര്യപരിപാടി ആവിഷ്കരിക്കേണ്ടതും ഇതിനാവശ്യമായ പ്രവർത്തന കലണ്ടർ ഗ്രാമവികസന കമ്മീഷണർ തയാറാക്കി 01.07.2021-ന് മുൻപായി സമർപ്പിക്കേണ്ടതുമാണ്.
6. ഈസ് ഓഫ് ലിവിങ് സർവ്വേ 31.07.2021 ന് മുമ്പായി പൂർത്തീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ്
ചെയർമാൻ, സംസ്ഥാന റിസോഴ്സസ് ഗ്രൂപ്പ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

വികേന്ദ്രീകൃത ആസൂത്രണ വിഭാഗം ചീഫ്, കേരള സംസ്ഥാന ആസൂത്രണ ബോർഡ്

മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മിഷണർ മുഖേന).

എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷന്മാർക്കും / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷന്മാർക്കും / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്മാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ കളക്ടർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും ( സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 24-06-2021 14:28:55
Reason: Approved

സെക്ഷൻ ഓഫീസർ